"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കോട്ടയം ജില്ല- എരുമേലി ഗ്രാമപഞ്ചായത്ത് ഓഫീസ് - ക്ലാർക്ക് - ശ്രീമതി വിദ്യ കെ എസ് -ന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.477/2026/LSGD തീയതി,തിരുവനന്തപുരം, 25-02-2026

---

പരാമർശം:-

1. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കോട്ടയം ജില്ലാ ഓഫീസറുടെ 30.07.2021ലെ KII(1)1897/17/(10) നമ്പർ നിയമന ശിപാർശ
2. കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 22.09.2021ലെ DDP/KTM/ 02/2021-E2(2) നമ്പർ നിയമന ഉത്തരവ്
3. കോട്ടയം തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ 31.01.2023ലെ DDP-KTM/21/2022-D2 നമ്പർ നടപടിക്രമങ്ങൾ
4. തദ്ദേശസ്വയംഭരണ വകുപ്പ് കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 13.02.2025ലെ LSGD/JD/KTM/575/2025-B5 നമ്പർ നടപടിക്രമങ്ങൾ
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.02.2026ലെ LSGD/PD/20286/2025-DEC3 നമ്പർ കത്ത്

**ഉത്തരവ്**

കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീമതി വിദ്യ കെ എസ്-ന്റെ പ്രൊബേഷൻ കാലയളവ് 26.09.2024 തീയതി മുതൽ 16.10.2024 തീയതി വരെ ദീർഘിപ്പിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (5) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

2.പരാമർശം (1) നിയമന ശിപാർശയുടെയും പരാമർശം (2) നിയമന ഉത്തരവിന്റെയും അടിസ്ഥാനത്തിൽ, മുൻ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ 24.09.2021 തീയതി അപരാഹ്നത്തിൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി. വിദ്യ കെ എസ്-

ന്റെ നിയമനം പരാമർശം(3) പ്രകാരം ക്രമവൽകരിച്ചിട്ടുണ്ട്. ശ്രീമതി വിദ്യ കെ എസ്-ൻറെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്നും ,ടിയാളുടെ പേരിൽ വിജിലൻസ് കേസോ, അച്ചടക്കനടപടികളോ നിലവിലില്ലെന്നും ടിയാളുടെ നിരീക്ഷണകാലയളവിനെ ബാധിക്കുന്ന അവധികളൊന്നും ടിയാൾ ഉപയുക്തമാക്കിയിട്ടില്ലെന്നും 28.03.2022ൽ ടിയാൾക്ക് ഡയസ്നോൺ ബാകമായിരുന്നുവെന്നും എരുമേലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പരാമർശം (4) പ്രകാരം ടിയാളുടെ നിരീക്ഷണ കാലയളവ് 26.09.2023 തീയതി മുതൽ ഒരു വർഷത്തേയ്ക്ക്, ദീർഘിപ്പിച്ചിട്ടുണ്ട്. . ടിയാൾ പ്രൊബേഷൻ പൂർത്തീകരണത്തിനുള്ള നിർബന്ധിത വകുപ്പ് തല പരീക്ഷയായ MOP 14.10.2024 തീയതിയിൽ വിജയിച്ചിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (5)പ്രകാരമുള്ള ശിപാർശ പരിഗണിച്ച് 14.10.2024 ൽ എം ഒ പി പരീക്ഷ പാസ്സായ കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീമതി വിദ്യ കെ എസ്-ന്റെ പ്രൊബേഷൻ പൂർത്തിയാക്കിയതായി 15.10.2024 തീയതി പ്രാബല്യത്തിൽ നിയമനാധികാരിക്ക് പ്രഖ്യാപിക്കുന്നതിനായി ടിയാളുടെ പ്രൊബേഷൻ കാലയളവ് KS&SSRs Part II ചട്ടം 21 -ലെ വ്യവസ്ഥകൾക്ക് വിധേയമായി 26.09.2024 തീയതി മുതൽ 16.10.2024 തീയതി വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , കോട്ടയം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3.സെക്രട്ടറി, എരുമേലി ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.ശ്രീമതി.വിദ്യ കെ എസ്, ക്ലാർക്ക്, എരുമേലി ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം/തൃശ്ശൂർ
6.ഡയറക്ടർ, ഐ കെ എം
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8.കരുതൽ ഫയൽ (ഫയൽ നം.27/ഇപിഎ1/2026-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 25-02-2026 13:06:04

സെക്ഷൻ ഓഫീസർ